LIBRARY ARCHIVES Kerala Legislative Assembly

കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗബാധ നിയന്ത്രണത്തിനുമുള്ള അടിയന്തര പദ്ധതിയിൽ ഉൾപ്പെടുത്തി പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുന്നപക്ഷം ആനുകൂല്യങ്ങൾ നൽകുന്നതിനായി കരുതൽ വിത്തിന്റെ ശേഖരത്തിൽനിന്നും സൗജന്യമായ വിത്ത് വിതരണം, മടവീഴ്ചമൂലം നശിച്ച ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനും കേടുപാടുകൾ പരിഹരിക്കുന്നതിനുമുള്ള സഹായം, നിലവിലുള്ള ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനും വെള്ളം കയറിയ കൃഷിയിടങ്ങളിൽനിന്നും ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനുമുള്ള സഹായം, കീടരോഗബാധകൾ അനിയന്ത്രിതമായുണ്ടാകുന്ന അവസരങ്ങളിൽ വിളയെ സംരക്ഷിക്കുന്നതിനുള്ള സഹായം, പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിക്കുന്നതിനുള്ള നഷ്ടപരിഹാരം എന്നീ സഹായങ്ങൾ നൽകുന്നു. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയിലൂടെയും പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് നഷ്ടപരിഹാരങ്ങൾ അനുവദിക്കാറുണ്ട്. SDRF-ൽനിന്നും വിള നാശത്തിനും കർഷകർക്ക് തുക അനുവദിക്കാറുണ്ട്. ഓരോ വിളകൾക്കും നൽകുന്ന സഹായങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

വന്യജീവികൾ ഉണ്ടാക്കുന്ന കൃഷിനാശം

51(2770) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ ഉണ്ടാക്കുന്ന കൃഷിനാശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

വന്യജീവികളുണ്ടാക്കുന്ന നാശനഷ്ടത്തിന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. വന്യജീവി ആക്രമണത്തെ തടയുന്നതിനായി കൃഷിത്തോട്ടങ്ങളിലും നഴ്സറികളിലും സൗരോർജ്ജവേലി, കിടങ്ങുകൾ, Chain link Fence എന്നിവ നിർമ്മിക്കുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ ആത്മ, Crop Health Management എന്നീ പദ്ധതികൾ പ്രകാരം ബോറപ്പ്, ഇക്കോടോൺ തുടങ്ങിയ രാസവസ്തുക്കളുടെ പ്രയോഗം സംബന്ധിച്ചും കർഷകർക്ക് പരിജ്ഞാനം നൽകുകയും വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷത്തിൽ വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം വന്യജീവി ആക്രമണത്തിനെതിരെ നിയന്ത്രണ മാർഗ്ഗങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്കിലെ കാട്ടുപന്നി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ അവയെ നിയന്ത്രിക്കുന്നതിനായി നൈലോൺനെറ്റ് വേലി, ബോറപ്പ്, സോളാർവേലി,

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബയോ അക്വാസ്റ്റിക്സ്, ചെയിൻ ലിങ്ക് ഫെൻസിംഗ് എന്നീ മാർഗ്ഗങ്ങൾ ഉപയോഗിച്ച് നിയന്ത്രണ മാർഗ്ഗം ഏർപ്പെടുത്തുന്ന പദ്ധതിക്ക് പത്തുലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആത്മ പദ്ധതിയിൽ ഉൾപ്പെടുത്തി എക്കോഡോണിന്റെ ഉപയോഗത്തിനെ പ്രോത്സാഹിപ്പിക്കുവാനായി പ്രദർശന തോട്ടങ്ങളും ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെ വനം വകുപ്പും വന്യജീവികൾ ഉണ്ടാക്കുന്ന കൃഷിനാശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ജനവാസ മേഖലകളിൽ കൃഷിനാശം ഉണ്ടാക്കുന്നത് തടയാനായി മറ്റു വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ജനവാസമേഖലകളിൽ വന്യജീവി ആക്രമണംമൂലം കൃഷിനാശം ഉണ്ടാകുന്നത് തടയാൻ മറ്റു വകുപ്പുകളുമായി ചേർന്ന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊല്ലുവാൻ 16-2-2019-ലെ സ.ഉ.(കൈ)നമ്പർ 7/2019/വനം പ്രകാരം വനം വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

വന്യമൃഗശല്യംമൂലമുള്ള കൃഷിനാശം

52(2771) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ആക്രമണംമൂലം ഉണ്ടാകുന്ന കൃഷിനാശം ഗണ്യമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇത് തടയുവാൻ വനം വകുപ്പുമായി ചേർന്ന് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഇത് തടയുവാൻ വനം വകുപ്പുമായി ചേർന്ന് ഒരു പദ്ധതിക്കും രൂപം നൽകിയിട്ടില്ല. എന്നാൽ കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചു കൊല്ലുവാൻ വനം വകുപ്പ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇത്തരത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 27 ഇനം കാർഷിക വിളകൾക്ക് പദ്ധതിയിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾക്കും നിരക്കുകൾക്കും വിധേയമായി കാട്ടാനകൾക്ക് പുറമേ മറ്റ് വന്യമൃഗ ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം നൽകിവരുന്നു. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് വനം വകുപ്പും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.